## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 264

12.03.2018-ൽ മറുപടിക്ക്

### മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണവും നവീകരണവും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.ബി.സത്യൻ<br>,, കെ.ജെ. മാക്സി<br>,, കെ. ദാസൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണത്തിനും പഴയ മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനുമായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതി, ആർ.കെ.വി.വൈ (രാഷ്ട്രീയ കൃഷി വികാസ് യോജന), നബാർഡ് –RIDF പദ്ധതി, എൻ.എഫ്.ഡി.ബി. എന്നിവ വഴിയാണ് പ്രധാനമായും മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണവും നവീകരണവും നടത്തി വരുന്നത്. മത്സ്യബന്ധന തുറമുഖങ്ങളിലേയും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളിലേയും ഡ്രഡ്ജിംഗ് നടത്തുവാനായി കേന്ദ്രവിഹിത പദ്ധതിയിലുൾപ്പെടുത്തി 10 പ്രവൃത്തികൾക്കായി 372.16 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. അർത്തുങ്കൽ, ചേറ്റുവ, താനൂർ, തലായ്, കൊയിലാണ്ടി, വെള്ളയിൽ, ചെറുവത്തൂർ, മഞ്ചേശ്വരം എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണവും, മുനയ്ക്കക്കടവ് മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിന്റെ നവീകരണവും വിവിധ മത്സ്യബന്ധന തുറമുഖങ്ങളിലെ ഡ്രഡ്ജിംഗുമാണ് ഇതിൽ ഉൾപ്പെടുന്ന പദ്ധതികൾ ഇതിൽ ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം പൂർത്തിയാക്കി 2015 ആഗസ്റ്റ് മാസം കമ്മീഷൻ ചെയ്തിട്ടുണ്ട്. തലായ്, ചേറ്റുവ എന്നീ മത്സ്യബന്ധന തുറമുഖങ്ങൾ 2018 ഏപ്രിൽ മാസത്തിൽ കമ്മീഷൻ ചെയ്യാൻ കഴിയും. കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം 2018 മേയ് മാസത്തിൽ കമ്മീഷൻ ചെയ്യാൻ സാധിക്കും. താനൂർ, വെള്ളയിൽ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം 80% ൽ അധികം പൂർത്തിയായിട്ടുണ്ട്. അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിന്റെ പുതുക്കിയ ഭരണാനുമതി കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാത്തതിനാൽ ഇതുവരെയും നിർത്തിവച്ച നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതമായി ഫണ്ട് ലഭിക്കാത്തതിനാൽ പ്രവൃത്തിയുടെ പുരോഗതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 372.16 കോടി രൂപയുടെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ കേന്ദ്ര വിഹിതമായി ലഭിക്കേണ്ടത് |

| | | | |
|---|---|---|---|
| | | | 247.07 കോടി രൂപയാണ്. ഈ ഇനത്തിൽ ഇനിയും 119.50 കോടി രൂപ കേന്ദ്രത്തിൽ നിന്നും ലഭിക്കുവാനുണ്ട്.<br><br>കേന്ദ്ര സർക്കാരിൽ നിന്നും മത്സ്യബന്ധന തുറമുഖങ്ങൾക്കാവശ്യമായ ഫണ്ട് ലഭിക്കാത്തതുകൊണ്ടും പുതുക്കിയ അനുമതി കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാത്ത സാഹചര്യത്തിലും പ്രവർത്തികളുടെ നടത്തിപ്പിനായി 2018-19 ലെ ബഡ്ജറ്റ് പ്രസംഗത്തിൽനബാർഡ് മുഖേന 584 കോടി രൂപ ലഭ്യമാക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ഇതിൽ ചെത്തി, പരപ്പനങ്ങാടി എന്നീ മത്സ്യബന്ധന തുറമുഖങ്ങൾക്ക് വേണ്ടി വരുന്ന 244 കോടി രൂപ കിഫ്ബി ധനസഹായത്താടെ ലഭ്യമാക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് (DPR) തയ്യാറാക്കി വരുന്നു.<br><br>ആർ.കെ.വി.വൈ പദ്ധതിയിൽ മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ ശേഷിക്കുന്ന പ്രവൃത്തിയ്ക്കായി 31.02 കോടി രൂപയുടെ ഭരണാനുമതി നൽകി. ഇതിൽ ഡ്രഡ്ജിംഗും ഷോർ പ്രൊട്ടക്ഷൻ വർക്കിനായുള്ള ഗ്രോയിനിന്റെ നിർമ്മാണവുമാണ് ശേഷിക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ പാറ ലഭ്യമാകാത്തതുകൊണ്ട് പുലിമുട്ട് നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഹാർബറിന്റെ അഴിമുഖത്ത് മൺസൂൺ കാലയളവിൽ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി ഗ്ലോബൽ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (EOI) ക്ഷണിക്കുകയും ലഭിച്ച ഓഫറുകൾ പരിശോധിച്ച് വരികയുമാണ്.<br><br>കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം ആർ.കെ.വി.വൈ പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കുന്ന ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി 2018-19 ബഡ്ജറ്റ് പ്രസംഗത്തിൽ നബാർഡ് ധനസഹായപദ്ധതിയായി പ്രഖ്യാപിച്ചിട്ടുണ്ട്. പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കുന്നതിനുള്ള മോഡൽ സ്റ്റഡി പൂനെ CWPRS മുഖാന്തിരം നടത്തി വരുന്നു.<br><br>എൻ.എഫ്.ഡി.ബി.യുടെ സാമ്പത്തിക സഹായത്തോടെ പുതിയാപ്പ, കായംകുളം, തങ്കശ്ശേരി, നീണ്ടകര, ശക്തികുളങ്ങര, ചോമ്പാൽ, മുനമ്പം, ബേപ്പൂർ, തോട്ടപ്പള്ളി എന്നീ ഫിഷിംഗ് ഹാർബറുകളുടെ ശുചിത്വം ഉറപ്പാക്കുന്നതിനുള്ള നവീകരണ പ്രവൃത്തികൾ ലഭ്യമായ ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ചെറുവത്തൂർ, ന്യൂമാഹി, മാപ്പിളബേ ഫിഷിംഗ് ഹാർബറുകൾ നവീകരിക്കുന്നതിനുള്ള 1392 ലക്ഷം രൂപയുടെ |

| | | | |
|---|---|---|---|
| | | | പ്രൊപ്പോസ്സൽ എൻ.എഫ് ഡി.ബി.യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച ഹാർബറുകളുടെ മെയിന്റനൻസ് പ്രവൃത്തികൾ ഓപ്പറേഷൻ മാനേജ്‌മെന്റ് ആന്റ് മെയിന്റനൻസ് എന്ന ശീർഷകത്തിലുൾപ്പെടുത്തിയും ഡ്രഡ്ജിംഗ്, ക്യാപ്പിറ്റൽ റിപ്പയർ എന്നീ പ്രവൃത്തികൾ ക്യാപ്പിറ്റൽ റിപ്പയർ ആന്റ് മെയിന്റനൻസ് ഡ്രഡ്ജിംഗ് എന്ന പുതുതായി സർക്കാർ അനുവദിച്ച ശീർഷകത്തിൽ ഉൾപ്പെടുത്തിയും ചെയ്തുവരുന്നു. ഹാർബറുകളുടെ നവീകരണത്തിനായി ഇപ്പോൾ എൻ.എഫ്.ഡി.ബി. ഫണ്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുന്നതാണ്. |
| (ബി) | കേരളത്തിലെ മത്സ്യസമ്പത്തിലെ മുക്കാൽ പങ്കിലധികവും കടൽ മത്സ്യമായതിനാൽ ഫിഷിംഗ് ഹാർബറുകൾ, ലാൻഡിംഗ് സെന്ററുകൾ, മത്സ്യ മാർക്കറ്റുകൾ എന്നിവയുടെയും അവയെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന തീരദേശ റോഡുകളുടെയും വികസനത്തിനായി ഉള്ള പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | (ബി) | മത്സ്യബന്ധന തുറമുഖങ്ങളേയും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളേയും ബന്ധിപ്പിച്ചു കൊണ്ട് "കോസ്റ്റൽ കണക്ടിവിറ്റി ഗ്രീൻ കോറിഡോർ" എന്ന ഒരു പദ്ധതിയ്ക്കായി പ്രീ-ഫീസിബിലിറ്റി റിപ്പോർട്ടും ഏകദേശ അലൈൻമെന്റും (ഉദ്ദേശ അടങ്കൽ തുക 7900 കോടി രൂപ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സർക്കാരിന് സമർപ്പിച്ചിരുന്നു. പൊതുമരാമത്ത് വകുപ്പ് തീരദേശ ഹൈവേ കിഫ്ബി സഹായത്തോടെ നടപ്പാക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ ഈ പദ്ധതി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പാക്കേണ്ടതില്ലെന്ന് തീരുമാനിച്ചിരിക്കുകയാണ്.<br><br>തീരദേശ റോഡുകൾ മെച്ചപ്പെടുത്തുന്നതിനായി 100 കോടി രൂപ ബഡ്ജറ്റിൽ നടപ്പ് സാമ്പത്തിക വർഷം ഉൾകൊള്ളിച്ചിട്ടുണ്ട്. |
| (സി) | മത്സ്യോല്പന്നങ്ങളുടെ കയറ്റുമതി വർദ്ധനവ് ലക്ഷ്യമിട്ട് ഫിഷിംഗ് ഹാർബറുകളുടെയും സംസ്കരണ കേന്ദ്രങ്ങളുടെയും ശുചിത്വ നിലവാരം ഉയർത്തുന്നതിനായി പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ? | (സി) | മത്സ്യോത്പന്നങ്ങളുടെ കയറ്റുമതി വർദ്ധനവ് ലക്ഷ്യമിട്ട് ഫിഷിംഗ് ഹാർബറുകളുടെ ശുചിത്വനിലവാരം ഉയർത്തുന്നതിനായി കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്തെ ഫിഷിംഗ് ഹാർബറുകളെയും ഫിഷ് ലാന്റിംഗ് സെന്ററുകളെയും യൂറോപ്യൻ യൂണിയൻ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. എൻ.എഫ്.ഡി.ബി. പദ്ധതിയിലുൾപ്പെടുത്തി 8 ഫിഷിംഗ് ഹാർബറുകളുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു. |

**സെക്ഷൻ ഓഫീസർ**